CCM(5) 2014-15

## വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല
## കോഓർഡിനേഷൻ സമിതി

**04.06.2014 ൽ കൂടിയ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ യോഗ നടപടിക്കുറിപ്പ്**

യോഗം രാവിലെ 8 മണിക്ക് ബഹു. ഗ്രാമവികസന വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബഹു. മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ ആരംഭിച്ചു. ബഹു. നഗരകാര്യ വകുപ്പുമന്ത്രിയും യോഗത്തിൽ പങ്കെടുത്തു.

1. സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 28.05.2014-ലെ യോഗ നടപടിക്കുറിപ്പ് അംഗീകരിച്ചു.

**2. പൊതുവിഷയങ്ങൾ**

**2.1** പദ്ധതി രൂപീകരണ നടപടിയിൽ കാര്യമായ പുരോഗതി ഇപ്പോഴും കാണപ്പെടുന്നില്ലെന്ന് യോഗം നിരീക്ഷിച്ചു. പദ്ധതികൾക്ക് ജില്ലാ ആസൂത്രണസമിതികളുടെ അംഗീകാരം നേടാനുള്ള അവസാന തീയതി 2014 ജൂൺ 15 വരെ നീട്ടുന്നതിന് യോഗം തീരുമാനിച്ചു.

**2.2** കെ.എൽ.ജി.എസ്.ഡി.പി. ഫണ്ട് വിനിയോഗത്തിനുള്ള കാലാവധി 2014 ജൂൺ 30 വരെ ദീർഘിപ്പിക്കാൻ യോഗം തീരുമാനിച്ചു.

**2.3** എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും വികേന്ദ്രീകൃത ഭരണ സംവിധാനം ശക്തിപ്പെടുത്തുന്നതിൽ എഞ്ചിനീയറിംഗ് വിഭാഗം അനുവർത്തിക്കേണ്ട നടപടിക്രമങ്ങൾ നിശ്ചയിക്കുന്നതിനുമായി മന്ത്രിതലത്തിൽ ഒരുയോഗം ചേരണമെന്നു തീരുമാനിച്ചു.

**2.4** സേവാഗ്രാം ഗ്രാമകേന്ദ്രം പ്രവർത്തന മാർഗരേഖയുടെ കരട് 28.03.2014 ലെ 35208/ഡി.എ3/2012/തസ്വഭവ നമ്പർ സർക്കുലറായി പുറപ്പെടുവിച്ചത് അന്തിമമാക്കി സർക്കാർ ഉത്തരവായി പുറപ്പെടുവിക്കണമെന്ന് യോഗം തീരുമാനിച്ചു.

**3 പ്രത്യേക വിഷയങ്ങൾ**

**3.1 താനൂർ ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം. 32807/ഡി.ഡി2/14/തസ്വഭവ)**

ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽ ഉൾപ്പെടാത്ത 6 പ്രോജക്ടുകൾ 2009-10, 2011-12 വർഷങ്ങളിൽ നടപ്പാക്കിയതിന്, മേലിൽ ഇത്തരം പ്രോജക്ടുകൾ ഏറ്റെടുക്കരുതെന്ന താക്കീതോടെ, സാധൂകരണം നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.2 കേരള പഞ്ചായത്ത് അസോസിയേഷൻ**

ഗ്രാമപഞ്ചായത്തുകൾക്ക് തനത് ഫണ്ട് ഉപയോഗിക്കുന്നതിന് നിലവിലുള്ള വ്യവസ്ഥകളും സംവിധാനവും പാലിക്കുന്നതിന് നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.3 പാമ്പാക്കുട ഗ്രാമപഞ്ചായത്ത് (ഫയൽ നം. 30507/ഡി.എ2/14/തസ്വഭവ)**

ഡിജിറ്റൽ രജിസ്റ്റർ തയ്യാറാക്കൽ പ്രോജക്ടിന്റെ ബഹുവർഷ പ്രോജക്ട് വിശദാംശങ്ങൾ ലഭ്യമാക്കി ഐ.കെ.എംന് നൽകാനും ഐ.കെ.എം.ന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ തീരുമാനിക്കാമെന്നും നിശ്ചയിച്ചു. സൗരോർജ റാന്തൽ വിതരണം, കോട്ടൺ ക്യാരി ബാഗ് വിതരണം എന്നീ പ്രോജക്ടുകൾ അംഗീകരിക്കേണ്ടതില്ലെന്നും തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.4 മലപ്പുറം ജില്ലാ പഞ്ചായത്ത്**

6 മീറ്റർ വീതിയുള്ള റോഡുകളും ജില്ലാ പഞ്ചായത്തുകൾക്ക് ഏറ്റടുക്കാവുന്നതാണെന്ന് സർക്കാർ ഉത്തരവുള്ളതായി യോഗം നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.5 പെരുവയൽ ഗ്രാമപഞ്ചായത്ത്**

കുടിവെള്ള വിതരണം എല്ലാ വാർഡുകളിലും നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ പെർഫോർമൻസ് ഓഡിറ്റ് വിഭാഗം പരിശോധിച്ച് റിപ്പോർട്ട് നൽകിയശേഷം പരിഗണിക്കാമെന്നും തനത് ഫണ്ടാണ് ഈ ആവശ്യത്തിന് ഉപയോഗിക്കേണ്ടതെന്നും നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.6 കുമ്പള ഗ്രാമപഞ്ചായത്ത് (ബഹു.എം.എൽ.എ ശ്രീ.പി.ബി. അബ്ദുൾ റസാഖ് മുഖേന സമർപ്പിച്ച നിവേദനം)**

റെയിൽവേ അണ്ടർ ബ്രിഡ്ജ് കം റോഡ് നിർമ്മാണത്തിന് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് 339940 രൂപ ഡെപ്പോസിറ്റ് ചെയ്ത നടപടിക്ക് സാധൂകരണം നൽകണമെന്ന ആവശ്യം അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.7 കോന്നി ബ്ലോക്ക് പഞ്ചായത്ത്**

ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ അംഗനവാടികളിൽ ശിശുക്കൾക്കായുള്ള പ്രത്യേക പരിപാടി അനുസരിച്ച് കയർ ഫെഡിൽ നിന്നും സ്നേഹം കിടക്കകൾ വാങ്ങി നൽകാനുള്ള ആവശ്യം അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.8 കോന്നി ബ്ലോക്ക് പഞ്ചായത്ത്**

ഓപ്പണിംഗ് ബാലൻസ് തിരുത്തുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഇപ്പോൾ അനുവാദം നൽകിയിട്ടുള്ളതായി യോഗം നിരീക്ഷിച്ചു. പൂരക പോഷകാഹാര പരിപാടിയുടെ റീ ഇംപേഴ്സ്മെന്റ് തുകയായ 344728 രൂപ അംഗനവാടി കെട്ടിട നിർമ്മാണത്തിന് ഉപയോഗിക്കാനുള്ള ആവശ്യം അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

***(യോഗം രാവിലെ 9.00ന് അവസാനിച്ചു)***

***അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയോഗം 11.06.2014 ഉച്ചകഴിഞ്ഞ് 3 മണിക്ക് അസംബ്ലി മന്ദിരത്തിലെ ബഹു. പഞ്ചായത്ത് വകുപ്പ് മന്ത്രിയുടെ ചേമ്പറിൽ കൂടുന്നതാണ്.***